സഹകരണ ബാങ്കുകൾ വഴി നെൽകൃഷിക്കായി പലിശരഹിത വായ്പാ പദ്ധതി

7(2259) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകളിൽ നെൽകൃഷിക്കായി പലിശരഹിത വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ തൃശൂർ ജില്ലയിൽ ഏതെല്ലാം സഹകരണ ബാങ്കുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് ;

(സി) ജില്ലയിൽ എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന നെൽകൃഷിക്കായി പലിശ രഹിത വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) തൃശ്ശൂർ ജില്ലയിൽ 84 സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന നെൽകൃഷിക്കായി പലിശ രഹിത വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. (പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.)*

(സി) വ്യക്തമാക്കാം, 2008-09 വർഷം 1326 കർഷകർക്ക് 239.02 ലക്ഷം രൂപയുടെയും 2009-10 വർഷം 1891 കർഷകർക്ക് 273.83 ലക്ഷം രൂപയുടെയും 2010-11 വർഷം (31-1-2011 വരെ) 1107 കർഷകർക്ക് 187.16 ലക്ഷം രൂപയുടെയും വായ്പ നെൽകൃഷിക്കുള്ള പലിശ രഹിത വായ്പയായി തൃശ്ശൂർ ജില്ലയിലെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന വിതരണം ചെയ്തിട്ടുണ്ട്.

സഹകരണ പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സഹകരണ സ്ഥാപനങ്ങളുടെ വിദ്യാഭ്യാസ വായ്പ

8(2260) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിന് കീഴിലെ പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സഹകരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസ വായ്പ അനുവദിക്കാറുണ്ടോ ;

(ബി) എങ്കിൽ അതിന് ഈടാക്കുന്ന പലിശ നിരക്കെത്രയാണ് ;

(സി) 2009-10, 2010-11, അദ്ധ്യയന വർഷങ്ങളിൽ ഈ ഇനത്തിൽ എന്തു തുക അനുവദിച്ചിട്ടുണ്ട് ; എത്ര പേർക്ക് അനുവദിച്ചു ;

(ഡി) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പലിശ സബ്സിഡിയുടെ ആനുകൂല്യം പ്രസ്തുത വിദ്യാർത്ഥികൾക്കും ലഭ്യമാക്കുമോ എന്ന് വിശദമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സർക്കുലർ/സർക്കാർ അംഗീകൃത കൗൺസിലുകൾ/എ.ഐ.സി.റ്റി.ഇ./ കേരളത്തിലെ യൂണിവേഴ്സിറ്റികൾ തുടങ്ങിയവ അംഗീകരിച്ചിട്ടുള്ള കോഴ്സുകൾക്ക് സഹകരണ മേഖലയിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ സർക്കാർ/സർക്കാർ അംഗീകൃത കോളേജുകളിൽ/സ്ഥാപനങ്ങളിൽ പ്രവേശനം ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് സഹകരണസ്ഥാപനങ്ങൾ വിദ്യാഭ്യാസ വായ്പ അനുവദിക്കാറുണ്ട്.

(ബി) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന വിദ്യാഭ്യാസ വായ്പയുടെ പലിശ നിരക്ക് നിലവിൽ 9% ആയാണ് നിജപ്പെടുത്തിയിട്ടുള്ളത്.

(സി) സഹകരണ വകുപ്പിനു കീഴിലെ പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2009-10 വർഷം 25 വായ്പകളിലായി 58,35,900 രൂപയും 2010-11 വർഷം 28 വായ്പകളിലായി 61,83,400 രൂപയും വിദ്യാഭ്യാസ വായ്പയായി സഹകരണ സ്ഥാപനങ്ങൾ മുഖേന വിതരണം ചെയ്തിട്ടുണ്ട്.

(ഡി) നാലര ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾ എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പയുടെ പലിശ ബാദ്ധ്യത കേന്ദ്ര സർക്കാർ വഹിക്കുന്ന 2009-10 വർഷം മുതലുള്ള കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ വായ്പകളുടെ പലിശ സബ്സിഡി സ്കീമിൽ ഇന്ത്യൻ ബാങ്ക്സ് അസോസിയേഷന്റെ കീഴിലുള്ള ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നുള്ള വിദ്യാഭ്യാസ വായ്പകളെ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളു. സഹകരണ ബാങ്കുകളിൽ നിന്നും വിതരണം ചെയ്യുന്ന വായ്പകളെ ഉൾപ്പെടുത്തിയിട്ടില്ല. ആയത് സഹകരണ ബാങ്കുകളിൽ നിന്നുള്ള വിദ്യാഭ്യാസ വായ്പ ആകർഷകമല്ലാത്ത സ്ഥിതിവിശേഷമാണ് സംജാതമാക്കിയിട്ടുള്ളത്.

സംസ്ഥാന സഹകരണ ബാങ്കിന്റെ നഷ്ടം

9(2261) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെ 2005 മുതൽ 2010 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ നഷ്ടം എത്ര വീതമാണെന്ന് അറിയിക്കാമോ ;

(ബി) സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും വായ്പയെടുത്ത അപ്പെക്സ് സഹകരണ സ്ഥാപനങ്ങൾ ഏതൊക്കെ എന്ന് അറിയിക്കാമോ ; പ്രസ്തുത സ്ഥാപനങ്ങൾ എടുത്ത തുക, കുടിശ്ശിക തുക എന്നിവ എത്ര വീതമെന്ന് അറിയിക്കുമോ ;

(സി) കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾക്കെതിരെ നിയമ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly